**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6559** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഏഴംകുളം-കൈപ്പട്ടൂർ റോഡിൽ ഓട കയ്യേറ്റം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഏഴംകുളം-കൈപ്പട്ടൂർ റോഡിൽ ഓട കയ്യേറിയതായി ആരോപണം ഉയർന്നതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി, ഡെപ്യൂട്ടി സ്പീക്കറുടെ അധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കുമോ; | (എ) | ഏഴംകുളം കൈപ്പട്ടൂർ റോഡ് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 26/6/2024 ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. ഡെപ്യൂട്ടി സ്പീക്കറുടെയും ശ്രീ. ജനീഷ് കുമാർ എംഎൽഎ യുടെ സാന്നിധ്യത്തിൽ കെആർഎഫ്ബി ഉദ്യോഗസ്ഥരുമായി ചേർന്ന് യോഗം നടത്തിയിരുന്നു.ഡ്രാഫ്റ്റ് മിനുട്ട്സ് അനുസരിച്ച് പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. നിലവിലെ അലൈൻമെൻറ് പ്രകാരം പ്രവൃത്തി ഉടൻ തന്നെ പുനരാരംഭിക്കുവാൻ തീരുമാനിച്ചു.<br><br>2. ആവശ്യമായ ഘട്ടങ്ങളിൽ ചീഫ് എൻജിനീയർ നേരിട്ട് എത്തി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.<br><br>3. 1/07/2024 ന് മുൻപ് സർവ്വെ നടപടികൾ പൂർത്തിയാക്കാനും കല്ലിടാനും തീരുമാനിച്ചു.<br><br>4.അതിനുശേഷം ഒഴിപ്പിക്കൽ നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ സ്വീകരിക്കാവുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ യോഗത്തിലെ തീരുമാനത്തിന് വിരുദ്ധമായി പോലീസ് സന്നാഹത്തോടെ ഓട നിർമ്മാണം പൂർത്തീകരിക്കുകയും പ്രതിഷേധിച്ചവരെ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത ഓടയിലെ കയ്യേറ്റം ഒഴിപ്പിച്ച് മുൻ നിശ്ചയിച്ച അലൈൻമെന്റ് പ്രകാരം ഓട പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | യോഗ തീരുമാനം അനുസരിച്ചും അംഗീകൃത അലൈൻമെൻറ് പ്രകാരവുമാണ് നിർമ്മാണ പ്രവൃത്തി നടത്തുന്നത് എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെആർഎഫ്ബി – പിഎംയു, പത്തനംതിട്ട ഡിവിഷനിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ